മിസ്റ്റർ എ. കരിയതോമ.

എന്നാൽ രണ്ടു ഭാഗത്തും പ്രത്യേകം പ്രത്യേകം ബണ്ടിട്ട് സംരക്ഷിച്ചാലെന്താണ്?

പ്രസിഡണ്ട്.

പറഞ്ഞതു് മനസ്സിലായില്ലെ?

മിസ്റ്റർ എ. കരിയതോമ.

മനസ്സിലായില്ല.

പ്രസിഡണ്ട്.

രണ്ടു ഭാഗത്തും ബണ്ടിട്ട് ഉറപ്പിച്ചാൽ മുഴുവനും ദോഷം വരാനിടയുണ്ട്. മഴക്കാലത്തു് പുഴയിൽ വെള്ളം വളരെ ശക്തിയായി ഒഴുകുന്നതുകൊണ്ട് പുഴയുടെ പോക്കുതന്നെ മാറിപ്പോകും. അപ്പോൾ ഏതെങ്കിലും ഒരു ഭാഗം പെട്ടന്നു് ദോഷപ്പെട്ടുപോകാനിടയുണ്ട്. ഇപ്പോൾ ഉറപ്പിച്ചിരിക്കുന്ന വടക്കുഭാഗത്തിനു് ദോഷം വരികയാണെങ്കിൽ അധികം നാശവും വൈഷമ്യവും ഉണ്ട്.

മിസ്റ്റർ എ. കരിയതോമ.

അടുത്തു് ഏനാമാക്കൽ കായലുണ്ട്. ഒരു തോടുവെട്ടി അതിലേയ്ക്ക് വെള്ളം കടത്തിവിടാം.

പ്രസിഡണ്ട്.

ഏനാമാക്കൽ കായലൊ? അതു് ബ്രിട്ടീഷ് അതിർത്തിയിലാണ്. അതു് അവരുമായി ആലോചിക്കണം. അതൊക്കെ വിഷമമുള്ള സംഗതികളാണ്.

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ.

അതു് അവരുമായി ആലോചിക്കാം.

Petitions regarding Difficulties of Kole Cultivation.

മിസ്റ്റർ സി. എൻ. ഇട്ടിരവി നമ്പൂതിരി.

93. മുവടെ ചേർക്കുന്ന ചോദ്യങ്ങൾക്ക് ഗവർമ്മേണ്ട് സദയം മറുവടികല്പിക്കാമൊ?

(a) കോൾകൃഷിക്ക് സാധാരണ സംഭവിക്കുന്ന ദോഷങ്ങളും നേരിടുന്ന ബുദ്ധിമുട്ടുകളും എന്തെല്ലാമാണ്?

(b) കോൾകൃഷിയെ സംബന്ധിച്ചു് ഗവർമ്മേണ്ടിന്റെ സഹായസഹകരണങ്ങൾ അഭ്യർത്ഥിച്ചുകൊണ്ടൊ ഗവർമ്മേന്റിന്റെ അനാസ്ഥയെ ആക്ഷേപിച്ചുകൊണ്ടൊ അടുത്ത കഴിഞ്ഞ 20 കൊല്ലങ്ങൾക്കുള്ളിൽ കോൾ നിലക്കാരിൽ നിന്നു് പൊതുവിലൊ പ്രത്യേക കൃഷിക്കാരുടേയൊ വല്ല അപേക്ഷകളൊ ആവലാതികളൊ ഹർജികളൊ ഉണ്ടായിട്ടുണ്ടൊ?

(c) ഉണ്ടെങ്കിൽ അവറ്റിനെല്ലാം ആരൊടെല്ലാമാണ് അതുകളെ സംബന്ധിച്ചു് എന്തു് മറുവടികൾ പറഞ്ഞു? ആവക സങ്കടങ്ങളുടേയൊ ആവലാതികളുടേയൊ നിവാരണാർത്ഥം ഗവർമ്മേണ്ട് വല്ലതും ഇതുവരെ പ്രവർത്തിച്ചിട്ടുണ്ടൊ? ഉണ്ടെങ്കിൽ അത് എന്തു്? ഇല്ലെങ്കിൽ അതിനുള്ള കാരണമെന്തു്?

റാവുസാഹിബു് ടി. വി. കുഞ്ഞിരാമയ്യർ.

(a) കോൾനിലങ്ങൾക്ക് ഉണ്ടാകാറുള്ള ദോഷങ്ങളേപ്പറ്റി ഗവർമ്മേണ്ടിൽ നിന്നു് 1095-ൽ ഏർപ്പെടുത്തിയ കോൾ കമ്മറ്റിയുടെ റിപ്പോർട്ടിൽ വിശദ

LIBRARY ARCHIVES Kerala Legislative Assembly

മായി പ്രതിവാദിച്ചിട്ടുണ്ട്. റിപ്പോർട്ടിന്റെ ഒരു പ്രതി മേശപ്പുറത്ത് വെച്ചിട്ടുണ്ട്.

(b & c) വലേ ഹർജികളും കിട്ടീട്ടുണ്ട്. ഹർജികൾക്ക് അതാതിനു് ഉചിതമായ മറുപടികളും കൊടുത്തിട്ടുണ്ട്. കോൾനിലങ്ങളുടെ രക്ഷക്കായി വേണ്ട മാർഗ്ഗങ്ങൾ കണ്ടുപിടിക്കുവാനും കോൾകൃഷിക്കാരുടെ അഭിപ്രായങ്ങൾ അറിവാനുമായി ഗവർമ്മേണ്ടിൽ നിന്നും ഒരു കമ്മറാിയെ നിശ്ചയിക്കുകയും കമ്മറാിയുടെ ശിപാർശികളെ പരിശോധിച്ച് ഗവർമ്മേണ്ടിൽ നിന്ന് ഉത്തരവ് കല്പിക്കുകയും ചെയ്തിട്ടുണ്ട്. ഗവർമ്മേണ്ടുത്തരവിന്റെ പകർപ്പ് മേശപ്പുറത്ത് വെച്ചിട്ടുണ്ട്. കോൾനിലങ്ങളുടെ രക്ഷക്കുവേണ്ടുന്ന മാർഗ്ഗങ്ങൾ ഏർപ്പെടുത്തുന്നതിനു് ഒരു ബിൽ ഈ സഭയിൽ അടുത്തുകൊണ്ടുവരുവാൻ ആലോചനയുണ്ട്.

The Kole Committee Report.

മിസ്റ്റർ സി. എൻ. ഇട്ടിരവി നമ്പൂതിരി.

94. കീഴിൽപറയുന്ന സംഗതികളെക്കുറിച്ച് ഗവർമ്മേണ്ടിനുള്ള മറുപടി കൾപറയുന്നതിനു് സാദരം പ്രാർത്ഥിക്കുന്നു.—

(a) ഗവർമ്മേണ്ടിൽനിന്നു് ഒരു കോൾകമ്മറാിയെ നിശ്ചയിക്കുകയും റിപ്പോർട്ടുകൾ വരുത്തുകയും ചെയ്തിട്ടുണ്ടല്ലൊ. ആ കമ്മറാിയുടെ ശിപാർശികൾ എന്തെല്ലാമാണു്?

(b) ആ ശിപാർശികളെക്കുറിച്ച് ഗവർമ്മേണ്ടു് ആലോചിച്ചിട്ടുണ്ടോ? അതിൽ വല്ലതും അംഗീകരിച്ചിട്ടുണ്ടോ? പ്രവർത്തിക്കുവാൻ വിചാരിക്കുന്നുണ്ടെങ്കിൽ അതെന്തെല്ലാമാണു്? ഇതു കാലതാമസത്തിനുള്ള കാരണമെന്താണു?

(c) കോളുകൾ മുമ്പു് മാഴുംകാലം (പണിയുംകാലം) കരമായിരുന്നുവൊ? അതു് നിജകരമാക്കിയതിനു് വല്ല പ്രത്യേകകാരണവുമുണ്ടോ?

(d) കോളുകൾ നിജകരം പതിച്ചുതുകൊണ്ടു് ആ കാലത്തു് ജനങ്ങൾ ആവലാതിപ്പെടുകയോ ആക്ഷേപിക്കുകയോ ചെയ്തിട്ടുണ്ടോ?

(e) നിജകരം പതിച്ചുതുകൊണ്ടു് എല്ലാ കോൾനിലങ്ങളും ഗുണദോഷം ചിന്തിക്കാതെ പണിയുന്നതിനു് കടിയാന്മാർ നിർബ്ബന്ധിതരായി തീർന്നിട്ടുണ്ടോ? ആ നിർബ്ബന്ധം കോൾകൃഷിയുടെ ആപത്തുകളെ പൂർവ്വാധികം വർദ്ധിപ്പിക്കുന്നതിനും കോൾകൃഷി ക്രമേണ കൂടുതൽ നാശത്തിൽ അവസാനിക്കുന്നതിനും കാരണമായിട്ടുണ്ടോ?

(f) പണിയുംകാലം കരം മുമ്പത്തുന്നതു് കോൾകൃഷിയുടെ സൌകര്യത്തിനും ഗുണത്തിനും രക്ഷക്കും ഗുണകരമാണെന്നു് ഗവർമ്മേണ്ടിനു് അഭിപ്രായമുണ്ടോ? ഇല്ലെങ്കിൽ അതിനുള്ള കാരണമെന്താണു്? ഉണ്ടെങ്കിൽ അപ്രകാരം മേലിൽ പ്രവർത്തിക്കുന്നതിനു് ഗവർമ്മേണ്ടു് തയ്യാറുണ്ടോ?

റാവുസാഹിബ്ബു് ടി. വി. കസ്തൂരിരങ്കയ്യർ.

(a) ഉവ്വു്. കമ്മാറിയുടെ ശിപാർശികൾ കമ്മറാിയുടെ റിപ്പോർട്ടിൽ ഉണ്ടു്. റിപ്പോർട്ടിന്റെ ഒരു പ്രതി മേശപ്പുറത്തു് വെച്ചിരിക്കുന്നു.

(b) 93-ാം ചോദ്യത്തിന്റെ മറുവടി നോക്കുക.

(c), (d), (e), (f). ഈ ചോദ്യങ്ങളെപ്പറാിയുള്ള വിവരങ്ങൾ കോൾകമ്മറാിയുടെ റിപ്പോർട്ടിലും അതിന്മേലുള്ള ഗവർമ്മേണ്ടുത്തരവിലുമുണ്ടു്.

Flood Relief in Antikkad Firkah.

മിസ്റ്റർ സി. എൻ. ഇട്ടിരവി നമ്പൂതിരി.

95. മുവടെ ചേർക്കുന്ന ചോദ്യങ്ങൾക്കു് ഉത്തരം പറയുവാൻ ഗവർമ്മേണ്ടിനോടു് സവിനയം അപേക്ഷിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly